ശ്രീ. ബിനോയ് വിശ്വം: സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ അറിവോടുകൂടി തന്നെ വ്യാജ മരുന്നുകൾ വ്യാപകമായി ഒഴുക്കപ്പെടുകയാണ്. ഇത് ഒരു അവസരമായി കണ്ടുകൊണ്ട് ജനങ്ങളെ പിഴിയുന്നവരെ തടയാനുള്ള ആർജ്ജവം ഗവൺമെൻറ് കാണിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: വലിയ സബ്മിഷൻ തന്നെയാണ് നടത്തിയിരിക്കുന്നത്. സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങുന്ന മരുന്നുകൾ റാൻഡം ചെക്കിംഗിന് വിധേയമാക്കാറുണ്ട്. നിശ്ചിത യോഗ്യതയില്ലാത്ത മരുന്നുകൾ സർക്കാർ ആശുപത്രികളിൽ എത്തിക്കുന്നത് അപ്പോൾത്തന്നെ നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പകർച്ചവ്യാധി ഈ അടുത്ത കാലത്ത് കൂടിയിരുന്നുവെങ്കിലും ഇപ്പോൾ കുറഞ്ഞു വരുന്നുണ്ട്. ഗവൺമെൻറിന് ചെയ്യാൻ കഴിയുന്നത് അതിൻെറ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക എന്നുള്ളതാണ്. അതു സംബന്ധിച്ചുള്ള പരാതി ഒരിടത്തും ഇല്ല. ക്യാമ്പുകളിൽ അങ്ങ് ചെന്നിരുന്നു എന്ന് പറഞ്ഞല്ലോ. ക്യാമ്പുകളിൽ ഞാനും അങ്ങും കൂടി പോയതല്ലേ? ആ ക്യാമ്പുകളിൽ എന്തെങ്കിലും പരാതിയുണ്ടായിട്ടുണ്ടോ? ആരോഗ്യ വകുപ്പിൻെറ പ്രവർത്തനങ്ങളെക്കുറിച്ച് യാതൊരു പരാതിയും ഉണ്ടായിട്ടില്ലല്ലോ. പിന്നെ വെറുതെ പറഞ്ഞിട്ട് എന്താണ് കാര്യം.

## (3) ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ

ശ്രീ. കെ. കെ. ഷാജു: സർ, . ശബരിമലയുടെ വികസനവുമായി ബന്ധപ്പെട്ട് ഈ സീസണിൽ നടപ്പാക്കാൻ പോകുന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ശബരിമലയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ശബരിമലയുടെ മൂലസ്ഥാനമായിട്ടുള്ള പന്തളം വലിയകോയിക്കൽ ക്ഷേത്രവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുകൂടി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമെന്ന നിലയിൽ ശബരിമലയുടെ വികസനം കേരളത്തിൻെറ വികസനം തന്നെയാണ്. ശബരിമലയുടെ വികസനവുമായി ബന്ധപ്പെട്ട് ധാരാളം പ്രവർത്തനങ്ങൾ ഏറെടുത്ത് നടത്താൻ കഴിഞ്ഞ വകുപ്പിൻെറ ചുമതലയുള്ള മന്ത്രി എന്ന നിലയിൽ നമ്മുടെ ബഹുമാന്യനായ ശ്രീ. കെ. സി. വേണുഗോപാലിന് അഭിമാനിക്കാൻ ധാരാളം നേട്ടങ്ങൾ ഉണ്ട്. അദ്ദേഹത്തിൻെറ മുൻഗാമികൾ ഒരുപാട് വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ശബരിമലയുടെ വികസനത്തിനാവശ്യമായ വനഭൂമി കുറച്ചെങ്കിലും വിട്ടു കിട്ടിയത് അദ്ദേഹത്തിൻെറകൂടി ശ്രമഫലമായിട്ടാണ്. പന്ത്രണ്ട് ഏക്കർ വനഭൂമി കേന്ദ്രം വിട്ടുതന്നിട്ടുണ്ട്. ശബരിമലയുടെ വികസനവുമായി ബന്ധപ്പെട്ട് ഇത്രയും ഭൂമി അപര്യാപ്തമാണെങ്കിലും ഇത്രയും ഭൂമി വിട്ടുകിട്ടുന്നതിന് മന്ത്രി എന്ന നിലയിൽ ശ്രീ. കെ. സി. വേണുഗോപാലും അതുപോലെ ചെറുപ്പക്കാരനായ ദേവസ്വംബോർഡ് പ്രസിഡൻറ് അടക്കമുള്ളവരും ഇതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അവരെ അഭിനന്ദിക്കേണ്ടതാണ്. മണ്ഡല-മകരവിളക്ക് കാലത്ത് അവിടെ എത്തുന്ന കോടിക്കണക്കിന് കേന്ദ്രജനങ്ങൾക്ക് കലിയുഗ വരദായകനായ അയ്യപ്പസ്വാമിദർശിച്ച് മടങ്ങുന്നതിനാവശ്യമായ സൗകര്യങ്ങളില്ല. ഉള്ള സൗകര്യങ്ങൾ അപര്യാപ്തവുമാണ്. നിലയ്ക്കൽ ഫാമിംഗ് കോർപ്പറേഷൻെറ കൈവശമുണ്ടായിരുന്ന ഭൂമി ഇപ്പോൾ ദേവസ്വം ബോർഡിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ ഭൂമി വിട്ടുകിട്ടുന്നതിനും കൈമാറ്റം ചെയ്യുന്നതിനും വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഈ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയും നടത്തിയിട്ടുള്ള സേവനങ്ങളെയും ശ്രമങ്ങളെയും എടുത്തുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഭൂമി വിട്ടുകിട്ടിയ നിലയ്ക്കലിൽ നടത്താൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളും മന്ത്രി വിശദീകരിക്കുമെന്ന് കരുതുകയാണ്. വാഹന പാർക്കിംഗാണ് ഇന്ന് അവിടെയുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതുസംബന്ധിച്ചുള്ള അടിയന്തിര തീരുമാനമുണ്ടാകുമെന്ന് കരുതുകയാണ്. ശബരിമലയുമായി ബന്ധപ്പെട്ട് പന്തളത്തിന് വലിയ പ്രാധാന്യമുണ്ട്. സാക്ഷാൽ അയ്യപ്പന്റെ ജൻമഭൂമിയാണ് പന്തളം. പന്തളം രാജാവിന്റെ വളർത്തുമകനാണ് അയ്യപ്പനെന്നാണ് വിശ്വസിക്കുന്നത്. പന്തളം രാജാവിന്റെ പിൻതലമുറക്കാർ ഇന്ന് തികച്ചും അവഗണനയിലാണ്. കൊട്ടാരവും മറ്റ് സംവിധാനങ്ങളും ഇന്ന് ജീർണ്ണാവസ്ഥയിലാണ്. അത് സംരക്ഷിക്കാൻ അവർക്ക് കഴിയുന്നില്ല. കൊട്ടാരങ്ങളും അനുബന്ധ കേന്ദ്രങ്ങളും താളിയോല ഗ്രന്ഥങ്ങളുമെല്ലാം സംരക്ഷിക്കപ്പെടണം. അവയെല്ലാം ഗവൺമെന്റിനോ മറ്റ് ഏജൻസികൾക്കോ വിട്ടുകൊടുത്ത് എവിടേക്കെങ്കിലും പോകാൻ അവർക്ക് പറ്റില്ല. അതുകൊണ്ട് അവരുടെ അധികാരവും അവകാശവും നിലനിർത്തിക്കൊണ്ട് അവശേഷിക്കുന്ന പുരാവസ്തുക്കളും മറ്റും സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പന്തളം ഒരു ക്ഷേത്ര നഗരിയാണ്. അവിടെ ഒരു ഡസനോളം വരുന്ന ക്ഷേത്രങ്ങളുണ്ട്. അയ്യപ്പൻ ജനിച്ചുവളർന്ന പ്രദേശം, അയ്യപ്പൻ കുളിച്ച കുളം, അയ്യപ്പൻ വായിച്ച താളിയോല ഗ്രന്ഥങ്ങൾ, പ്രാർത്ഥിച്ചിട്ടുള്ള ക്ഷേത്രങ്ങൾ ഇതെല്ലാം പന്തളവുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. അതുകൊണ്ട് പന്തളത്തെ ഒരു ക്ഷേത്രനഗരിയായി പ്രഖ്യാപിക്കുകയും അവിടത്തെ അനുബന്ധ ക്ഷേത്രങ്ങളേയും മറ്റു സംവിധാനങ്ങളേയും വികസിപ്പിക്കുന്നതിനും ഈ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി എന്ന നിലയിൽ അങ്ങ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം ശബരിമലയുടേയും പന്തളത്തിന്റേയും പ്രവർത്തനങ്ങളെക്കുറിച്ചാണ്. 11.00 A. M.] മണ്ഡല മകരവിളക്ക് സീസണിൽ ശബരിമലയിൽ ഈ വർഷം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് വ്യക്തമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. 12.675 ഹെക്ടർ വനഭൂമി പമ്പാ സന്നിധാനം മേഖലയ്ക്ക് വിട്ടുകിട്ടിയിട്ടുണ്ട്. പക്ഷേ സുപ്രീംകോടതിയുടെ അന്തിമ അനുമതികൂടി ആവശ്യമാണ്. അതുകൊണ്ടാണ് പ്രവർത്തനം തുടങ്ങാൻ കഴിയാത്തത്. നിലയ്ക്കൽ 110 ഹെക്ടർ വനഭൂമി ലഭിച്ചുകഴിഞ്ഞു. അവിടെ പതിനായിരത്തോളം വാഹനങ്ങളുടെ പാർക്കിംഗും കുടിവെള്ളം നിറച്ച ടാങ്ക് സ്ഥാപിക്കലും ബോർവെൽ നിർമ്മിക്കലും ഇപ്പോഴുള്ള കുളങ്ങൾ വൃത്തിയാക്കലും ടെമ്പററി മെഡിക്കൽ സെൻറുകൾ സ്ഥാപിക്കലും പതിനായിരം വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക ഇത്രയുമാണ് അവിടെ താൽക്കാലികമായി ചെയ്യാൻ ഉദ്ദേശിക്കുന്നത്. നിലയ്ക്കൽ ബേസ് ക്യാമ്പായി ഡെവലപ്പ് ചെയ്തുകൊണ്ട് ശബരിമലയുടെ വികസനം നടപ്പാക്കുന്നതിന് ദീർഘമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഇക്കോസ്മാർട്ട് എന്ന കമ്പനിയെ ഏൽപ്പിച്ചിരിക്കുകയാണ്. അവർ മാസ്റ്റർ പ്ലാൻ അടിയന്തിരമായി തയ്യാറാക്കി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ സീസണിൽ നടപ്പാക്കാൻ ആഗ്രഹിക്കുന്ന കാർഡിയാക് സെൻററിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. 1-ാം തീയതി തന്നെ കാർഡിയാക് സെന്ററിന്റെ പ്രവർത്തനം തുടങ്ങും. ആയുർവേദ ഹോമിയോ ആശുപത്രിക്ക് ആവശ്യത്തിന് ജീവനക്കാരുണ്ടെന്ന് ഉറപ്പാക്കും. അന്നദാനം ഈ വർഷവും തുടരും. എല്ലാ കേന്ദ്രജനങ്ങൾക്കും കുടിവെള്ളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കേന്ദ്രജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിവിധ വകുപ്പുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും സർക്കാർ തലത്തിൽ ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ തന്നെ ഒരു സംവിധാനം എല്ലാ കാലത്തും ഉണ്ട്. അത് ഈ വർഷവും ശക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. താമസസൗകര്യം, പാർക്കിംഗ് സൗകര്യം, ശുദ്ധജലവിതരണം, ക്യൂ കോംപ്ലക്സ് നിർമ്മാണം, ബെയ്സ് ക്യാമ്പ് നിർമ്മാണം, റോഡ് വികസനം തുടങ്ങിയ സൗകര്യങ്ങളൊക്കെ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുണ്ട്. ശബരിമലയുടെ വികസനം സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട് ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. വളരെ വ്യക്തമായി തന്നെ നമുക്ക് അഭിമാനപൂർവ്വം പറയാൻ കഴിയും വനഭൂമി ഇവിടെ കിട്ടാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞത് അതുകൊണ്ടാണ്. പന്തളം അയ്യപ്പൻ ജനിച്ച സ്ഥലമാണ്. അവിടെയുള്ള ക്ഷേത്രവും അവിടവുമായി ബന്ധപ്പെട്ട് വരുന്ന പ്രദേശങ്ങളും .....ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയടക്കം ഇക്കാര്യത്തിൽ താൽപര്യമെടുത്തിട്ടുണ്ട്. അയ്യപ്പൻ ജനിച്ച സ്ഥലമായ പന്തളത്ത് തടയണ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം തന്നെ കേന്ദ്രജനങ്ങൾക്ക് പരമാവധി സൗകര്യം ഏർപ്പെടുത്താൻ കഴിഞ്ഞു. മന്ത്രി തലത്തിൽ യോഗം വിളിച്ചുകൂട്ടി പന്തളത്ത് പ്രത്യേക സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. പന്തളത്തുനിന്നും പമ്പ-എരുമേലി ബസ് സർവ്വീസ് ഈ വർഷവും നടത്തും. പേനൽക്കാലത്തെ ജലക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. പന്തളത്ത് തീർത്ഥാടനവുമായി ബന്ധപ്പെട്ട് ക്ഷേത്ര നഗരിയായി വികസിപ്പിക്കുന്ന കാര്യം ഇവിടെ സൂചിപ്പിച്ചു. പന്തളം വികസന സാധ്യതയുള്ള പ്രദേശം തന്നെയാണ്. അത് കണക്കിലെടുത്ത് വികസന പ്രവർത്തനങ്ങൾ കൂടുതലായി നടക്കുന്നതിനുവേണ്ടി ഗവൺമെന്റ് പരിഗണിക്കും. പന്തളം ക്ഷേത്രനഗരിയുടെ വികസന സാധ്യത കണക്കിലെടുത്ത് വകുപ്പ് തലത്തിൽ ഒരു യോഗം വിളിച്ചുകൂട്ടുന്നതാണ്.

ശ്രീ. കെ. കെ. ഷാജു: പന്തളത്തെ കാര്യങ്ങൾ പ്രത്യേകം ചർച്ച ചെയ്യാൻ വേണ്ടി ഒരു യോഗം വിളിച്ചു കൂട്ടുമെന്ന് പറഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ആദ്യമായാണ് ഒരു മന്ത്രി അവിടെ വന്ന് യോഗം വിളിച്ചു കൂട്ടുന്നത്. അതിന് പ്രത്യേകം നന്ദിയുണ്ട്. പന്തളം മഹാദേവക്ഷേത്രം, മുട്ടാർ അയ്യപ്പക്ഷേത്രം, കടക്കാട് ദേവി ക്ഷേത്രം, പാട്ടുമുറിക്കാവ് ദേവി ക്ഷേത്രം, പൂഴിക്കാട് ദേവി ക്ഷേത്രം, പുത്തൻകോവിൽ ശിവക്ഷേത്രം, തളിപോയിക്കാവ് ക്ഷേത്രം, മണികണ്ഠൻ ആൽത്തറ തുടങ്ങിയ ഒരു ഡസനോളം ക്ഷേത്രങ്ങളുണ്ട്. ആ ക്ഷേത്രങ്ങളോട് ബന്ധപ്പെടുത്തിക്കൊണ്ട് ടൂറിസത്തിന്റെ ചുമതല കൂടി വഹിക്കുന്ന മന്ത്രിയെന്ന നിലയിൽ ഒരു റോഡ് പ്രോജക്ട് നടപ്പിലാക്കാനുള്ള നടപടി കൈക്കൊള്ളുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ആ യോഗത്തിൽ വച്ച് ഇക്കാര്യം കൂടി പരിഗണിക്കും.

LIBRARY ARCHIVES Kerala Legislative Assembly